കക്കാട്. കവിതയുടെ രൂപം, പ്രയോജനം എന്നിവയെപ്പററി സ്വന്തമായ നിഗമനങ്ങളിൽ അദ്ദേഹം എത്തിയിരുന്നു. ലളിതമായ ഒരു സന്ദേശം പകർന്നുകൊടുക്കുന്നതിനുള്ള മാദ്ധ്യമമാണ്, ആയിരിക്കണം, കവിത എന്ന് അദ്ദേഹം ഒരിക്കലും കരുതുകയുണ്ടായില്ല. കവിതയുടെ നീതീകരണം, അതിലെ സന്ദേശം, അഥവാ ഗുണപാഠം, അല്ല; കവിത തന്നെയാണ്. കവിതയുടെ രൂപത്തിന്റെ പ്രാധാന്യം കക്കാടിന് നല്ലപോലെ അറിയാമായിരുന്നു.

സങ്കീർണങ്ങളായ, തനിക്കുതന്നെ വേണ്ടത്ര വിശദങ്ങളാകാത്ത, ഭാവഗ്രന്ഥികൾ അനുവാചകർക്ക് അനുഭവപ്പെടുത്തിക്കൊടുക്കുകയാണ് തന്റെ കവിതയുടെ ലക്ഷ്യമെന്ന് കക്കാട് കരുതി. ഈ ലക്ഷ്യം നിർവഹിക്കുന്നതിന് വൃത്തങ്ങൾ തടസ്സമാകുമെന്നു തോന്നിയപ്പോൾ അദ്ദേഹം പരമ്പരാഗതങ്ങളായ വൃത്തങ്ങളെ ഉപേക്ഷിക്കുകയും, ഭാഷയുടെ താള—ലയങ്ങൾ സംബന്ധിച്ച പല പരീക്ഷണങ്ങളിലേർപ്പെടുകയും ചെയ്തു. പ്രത്യക്ഷത്തിൽ വിസംഗതങ്ങളായിത്തോന്നുന്ന പ്രതീകങ്ങളും പുരാണകഥാസൂചനകളും ശൈലീവ്യതിയാനങ്ങളും അദ്ദേഹം ധാരാളമായി പ്രയോജനപ്പെടുത്തി. അപ്രതീക്ഷിതമായി, തൂണു പിളർന്നു പുറപ്പെട്ട നരസിംഹത്തെപ്പോലെ, ഈ പുതുമകൾ വായനക്കാരെ വളരെയേറെ വിഭ്രമിപ്പിക്കുകയുണ്ടായി. പക്ഷേ, കാലക്രമത്തിൽ ഈ വിഭ്രമം മാറുന്നതോടെ, തന്റെ കൃതികളുടെ വാച്യാംശത്തിലും വായനക്കാർ തെളിമ കണ്ടെത്തുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം.

കക്കാടിന്റെ ആദ്യകാലകവിതകളിൽ തീക്ഷ്ണമായ പരിഹാസവും ഇടക്കാലത്തെ കവിതകളിൽ പരുഷമായ ശകാരവും നമുക്കു കേൾക്കാം. പില്ക്കാലത്ത് അദ്ദേഹത്തിന്റെ വീക്ഷണം കുറെക്കൂടി സൗമ്യവും സഹിഷ്ണുവുമായി. ഒടുവിൽ, മൂന്നു വർഷംമുമ്പ്, അചികിത്സ്യമായ ശ്വാസകോശാർബുദം തന്നെ ബാധിച്ചതായി അറിഞ്ഞതുമുതൽ, ഏതു ദുർബലതയെയും ക്ഷമിക്കാനും, ഏതു തെററത്തിനും മാപ്പുകൊടുക്കാനുമുള്ള ഔദാര്യം അദ്ദേഹത്തിനും ഒപ്പം അദ്ദേഹത്തിന്റെ കവിതയ്ക്കും കൈവന്നു. നിശ്ചിതമായ മരണത്തെ പ്രതീക്ഷിച്ച് വേദന നുകർന്നുകിടന്ന നാളുകളിൽ അദ്ദേഹം പ്രദർശിപ്പിച്ച ദാർശനികധീരത അസാധാരണമായിരുന്നു. വീക്ഷണത്തിന്റെ ഈ പക്വത അദ്ദേഹത്തിന്റെ അവസാനകാല കവിതകൾക്ക് അദ്വിതീയമായ ഒരു ഉദാത്തതാപരിവേഷം നല്കുന്നു.

മലയാളകവിതയിൽ സ്വന്തമായ ഒരു വഴി വെട്ടിത്തുറക്കുകയും, അതിലൂടെ അനുഭൂതിയുടെ അജ്ഞാതമേഖലകളിലേക്ക് ഒരു തലമുറയെ നയിക്കുകയുംചെയ്ത ഈ കവി അമ്പത്തൊമ്പതാമത്തെ വയസ്സിൽ അന്തരിച്ചത് തന്റെ യാത്ര സഫലമായെന്ന ആത്മവിശ്വാസത്തോടെയാണ്. ആ വിശ്വാസത്തിൽ അദ്ദേഹത്തിന് ഒരു തെററും പററിയിട്ടില്ലെന്നു സാഹിത്യരസികരുടെ വരുന്ന തലമുറ വിധിയെഴുതും.

(13 ജനുവരി, 1987)

# 61. ലാറി ബേക്കർ

ശ്രീ ലാറി ബേക്കർക്ക് 1986 ഒക്ടോബർ 10—ാം തീയതി ബ്രിട്ടീഷ് ഗവൺമെൻറ് ഒ. ബി. ഇ. (ഓർഡർ ഓഫ് ദി ബ്രിട്ടീഷ് എമ്പയർ) എന്ന ബഹുമതി നൽകിയ വിവരം ഒരു ഇംഗ്ലീഷ് വാരികയിൽ നിന്നാണ് ഞാൻ മനസ്സിലാക്കിയത്. മലയാളത്തിലെ പത്രങ്ങൾ ഈ

**വാർത്ത** അറിഞ്ഞിട്ടില്ലെന്നുണ്ടോ? അതോ, മറ്റേതൊരു ഭാരതീയനേക്കാളും കുറവല്ലാതെ ഇന്ത്യയെ, പ്രത്യേകിച്ച് കേരളത്തെ, സ്നേഹിക്കുന്ന ഈ ധിഷണാശാലി ശ്രദ്ധിക്കപ്പെടേണ്ട ഒരു വ്യക്തിയല്ലെന്ന് അവർ കരുതുന്നുണ്ടായിരിക്കുമോ?

ബ്രിട്ടനിൽ ബർമിങ്ഹാമിൽ ജനിച്ച്, വാസ്തുശില്പം അഭ്യസിച്ച്, 'റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സി'ലെ ഒരു അസോസ്യേറ്റ് ആയിത്തീർന്ന ഈ ക്വേക്കർ, പത്നിയായ കോട്ടയത്തുകാരി ഡോക്ടർ എലിസബത്തുമൊന്നിച്ച് തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ പാർപ്പ് തുടങ്ങിയിട്ട് പതിനാറോ പതിനേഴോ വർഷങ്ങളായിരിക്കും. കൂടുതൽ സൗകര്യങ്ങളുള്ള പാർപ്പിടങ്ങൾ കുറഞ്ഞ ചെലവിൽ എങ്ങനെ നിർമിക്കാമെന്ന് കേരളീയർക്കു കാണിച്ചുതന്നതു്, ഗാന്ധിയൻ ജീവിതവീക്ഷണം അംഗീകരിച്ച ഈ ബ്രിട്ടീഷുകാരനാണ്. ഒപ്പം, കേരളത്തിലെ പഴയ 'തച്ചുശാസ്ത്ര'ത്തിന്റെ കലാപരമായ മേന്മയിലേക്കും പ്രായോഗികമായ സൗകര്യപൂർണിമയിലേക്കും ശാശ്വതപ്രസക്തിയിലേക്കും അദ്ദേഹം നമ്മുടെ ശ്രദ്ധ ആകർഷിക്കുകയും ചെയ്തു.

ലാറി ബേക്കർ ഇപ്പോൾ ഒരു ഇന്ത്യൻ പൗരനാണെന്നാണ് എന്റെ ധാരണ. കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതിന് ചൈനയിലേക്കു പോവുകയായിരുന്ന ബ്രിട്ടീഷ് ഡോക്ടർമാരുടെ ഒരു സംഘത്തിൽ അംഗമെന്ന നിലയിൽ, നാല്പത്താറുകൊല്ലം മുമ്പാണ് അദ്ദേഹം ആദ്യമായി ഇന്ത്യയിൽ വന്നതു്. മരോട്ടിയെണ്ണയിൽനിന്ന് സൽഫോൺ മരുന്നുകളിലേക്ക് കുഷ്ഠരോഗചികിത്സ പുരോഗമിച്ചുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു അതു്. പുതിയ രാസ—ഔഷധങ്ങൾ നടപ്പിലായതോടെ, ചികിത്സിച്ചു മാററാവുന്ന ഒരു രോഗമാണ് കുഷ്ഠം എന്ന ധാരണ പരന്നു. അന്നോളം കുഷ്ഠരോഗികളെ രോഗമില്ലാത്തവരിൽനിന്ന് അകററിപ്പാർപ്പിക്കുന്നതിനുള്ള തടങ്കൽപ്പാളയങ്ങൾ മാത്രമായിരുന്ന കുഷ്ഠരോഗാസ്പത്രികൾക്ക് ആതുര ശുശ്രൂഷാകേന്ദ്രങ്ങളെന്ന പദവി കൈവന്നതു് ഇതോടെയാണ്.

ശ്രീ ബേക്കറുടെ മതം അദ്ദേഹത്തെ ഗാന്ധിജിയോട് അടുപ്പിച്ചു. (വേറെയും പല ക്വേക്കർമാരും ഗാന്ധിജിയുടെ മിത്രങ്ങളായി ഉണ്ടായിരുന്നു). കുഷ്ഠരോഗചികിത്സയിൽ അഗാധമായ താല്പര്യം ഗാന്ധിജി പുലർത്തിവന്നിരുന്നു. തന്നെ കാണാൻ വന്ന ശ്രീ ലാറി ബേക്കറോട് ഗാന്ധിജി, കുഷ്ഠരോഗികളെ ശുശ്രൂഷിച്ച് ഇന്ത്യയിൽ താമസിക്കാൻ ആവശ്യപ്പെട്ടു. ശ്രീ ബേക്കറുടെ ഹൃദയത്തെ ഈ അഭ്യർത്ഥന അഗാധമായി സ്വാധീനിച്ചു. രണ്ടുവർഷം കഴിഞ്ഞ്, ക്വിററിൻഡ്യാസമരം ഊർജിതമായി നടന്നുകൊണ്ടിരിക്കേ ശ്രീ ബേക്കർ ചൈനയിൽനിന്ന് ഇന്ത്യയിൽ വന്നു. കോട്ടയത്തെ ഒരു കുഷ്ഠരോഗചികിത്സാവിദഗ്ധനായിരുന്ന ഡോ. പി. ജെ ചാണ്ടിയുടെ സഹോദരി ഡോക്ടർ എലിസബത്തിനെ അദ്ദേഹം വിവാഹം ചെയ്തതു് ഇക്കാലത്തായിരുന്നു. ഈ ദമ്പതിമാർ ഹിമാലയത്തിൽ, അൽമോറയിൽനിന്ന് അഞ്ചു ദിവസം നടന്നുമാത്രം എത്താമായിരുന്ന പിത്തോർഗഢിൽ, ഒരു ചെറിയ ആസ്പത്രി നിർമിച്ച് ഇരുപതു വർഷം അവിടെ പ്രവർത്തിച്ചു. ഇക്കാലത്താണ് ഭാരതീയ ഗ്രാമീണജീവിതവുമായി ശ്രീ ബേക്കർ ഇഴുകിച്ചേർന്നതു്.

1960—കളുടെ അവസാനത്തിൽ ബേക്കർ ദമ്പതികൾ സ്ഥിരമായി പാർക്കുന്നതിന് കേരളത്തിൽ വന്നു. തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ, കുത്തനെയുള്ള ഒരു കുന്നിൻചെരുവിൽ പാറകൾ നിറഞ്ഞ കുറെ സ്ഥലം ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനി ഇവർക്കു നൽകി. ശ്രീ ബേക്കർ സ്വന്തം കൈകൾകൊണ്ട് ഇവിടെ തന്റെ പാർപ്പിടം പണിതുയർത്തി. പ്രയോജനനിർവഹണം (ഫങ്ക്ഷണ

ലിസം) ആവണം വാസ്തുശില്പത്തിന്റെ ലക്ഷ്യമെന്നു കരുതുന്നവർ ഈ വീട് സന്ദർശിക്കുന്നതു കൊള്ളാം. അവർക്ക് അവിടെനിന്നു പലതും പഠിക്കാൻ കഴിയും.

ശ്രീ ബേക്കറുമായി ഞാൻ പരിചയപ്പെട്ടതു് 1969—ൽ ആയിരുന്നു. തിരുവനന്തപുരത്തിനടുത്തു് വെള്ളനാട് എന്ന സ്ഥലത്തിലെ 'മിത്രനികേതൻ' എന്ന സ്ഥാപനത്തിൽ തനിക്കു താമസിക്കാനായി വൃത്താകൃതിയിൽ, ചെലവു വളരെ കുറഞ്ഞ, ഓലമേഞ്ഞ, ഒരു വീട് ശ്രീ ബേക്കർ നിർമിച്ചിരുന്നു. ബേക്കർ താമസം തിരുവനന്തപുരത്തു നഗരത്തിലാക്കിയപ്പോൾ മിത്രനികേതന്റെ ഡയറക്ടർ ശ്രീ വിശ്വനാഥൻ ഈ വീട്ടിലേക്കു പാർപ്പു മാററി. ശ്രീ വിശ്വനാഥനെ കാണാൻ മിത്രനികേതനിൽ ചെന്ന എന്നെ, ബേക്കറുടെ വീട് ആകർഷിച്ചു. പിന്നീട്, താഴ്ന്ന വരുമാനക്കാർക്കുള്ള വീടുകളുടെ ഒരു മാതൃക, തിരുവനന്തപുരത്തു് പട്ടത്തു് ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ പാർപ്പിടത്തിൽ ശ്രീ ബേക്കർ നിർമിച്ചിരുന്നതുകൂടി കണ്ടതിനു ശേഷമേ ഈ കെട്ടിടങ്ങളുടെ ശില്പിയെ കാണാൻ എനിക്ക് അവസരമുണ്ടായുള്ളു.

ശ്രീ ബേക്കറെക്കൊണ്ട് അന്ന് എനിക്ക് ആവശ്യമുണ്ടായിരുന്നു. തിരുവനന്തപുരത്തു് നന്തൻകോട്ടുള്ള 'നാളന്ദ'യിൽ കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ടിന്റെ പ്രവർത്തനം ആരംഭിച്ച കാലമായിരുന്നു അതു്. ഇൻസ്റ്റിററ്യൂട്ടിനു് ആവശ്യമുള്ളത്ര കെട്ടിടസൗകര്യം നാളന്ദയിൽ ഉണ്ടായിരുന്നില്ല. സർവകലാശാലാനിലവാരത്തിലുള്ള പുസ്തകങ്ങൾ മലയാളത്തിൽ നിർമിക്കുന്നതിനു പര്യാപ്തമായ ധനസഹായം കേന്ദ്രഗവൺമെൻറ് ഇൻസ്റ്റിററ്യൂട്ടിനു നൽകിയിരുന്നുവെങ്കിലും, ഈ പണത്തിലൊരു ഭാഗം കെട്ടിടനിർമാണത്തിനു തിരിച്ചുവിടുക സാദ്ധ്യമായിരുന്നില്ല. കെട്ടിടമുണ്ടാക്കാൻ വേണ്ട പണം സ്റ്റേററ് ഗവൺമെൻറിൽനിന്നു കിട്ടാനും പ്രയാസമായിരുന്നു. മാത്രമല്ല 'നാളന്ദ' പുരയിടം ഇൻസ്റ്റിററ്യൂട്ടിനു് ഗവൺമെൻറ് ഏല്പിച്ചുതന്നിരുന്നുമില്ല. അതിനാൽ അവിടെ സ്ഥിരമായ കെട്ടിടങ്ങൾ നിർമിക്കുവാൻ അന്നു തടസ്സങ്ങളുണ്ടായിരുന്നു. ഗവൺമെൻറിന്റെ പൊതുമരാമത്തു വകുപ്പിനെയോ, കൺസ്ട്രക്ഷൻ കോർപ്പറേഷനെയോ നിർമാണച്ചുമതല ഏല്പിച്ചാൽ, കെട്ടിടം പണിതീർന്നു കിട്ടുവാൻ വർഷങ്ങൾ എടുത്തേക്കുമെന്ന നിലയും ഉണ്ടായിരുന്നു.

'വിജ്ഞാനമുദ്രണം' എന്ന ഞങ്ങളുടെ അച്ചുകൂടത്തിനു് ഒരു കെട്ടിടം ഏതാനും മാസങ്ങൾക്കകം പണിതു തയ്യാറാക്കുകയായിരുന്നു എന്റെ അടിയന്തരാവശ്യം. ആസ്ബെസ്റ്റോസ് ഷീററും മററും ഉപയോഗിച്ച് ഇതിന് ഒരു താത്കാലിക ഷെഡ് പണിയാനുള്ള എസ്റ്റിമേററ് പൊതുമരാമത്തുവകുപ്പിൽനിന്നു് ഞാൻ സമ്പാദിച്ചു. ഈ എസ്റ്റിമേററിൽ പറഞ്ഞിരുന്ന തുകയേക്കാൾ എത്രയോ കുറഞ്ഞ ഒരു തുകയ്ക്ക്, ഇതിലേറെ സൗകര്യങ്ങളുള്ള ഒരു കെട്ടിടം ഉണ്ടാക്കിത്തരാമെന്നു് ശ്രീ ബേക്കർ ഏററു.

പക്ഷേ, ശ്രീ ബേക്കർ ഒരു കൺട്രാക്ടർ ആയിരുന്നില്ല; ഒരു വാസ്തുശില്പി (ആർക്കിടെക്ററ്) മാത്രമായിരുന്നു. കെട്ടിടം സംവിധാനം(ഡിസൈൻ)ചെയ്കയല്ലാതെ, അതു നിർമിക്കുക അദ്ദേഹത്തിന്റെ പണിയായിരുന്നില്ല. ശ്രീ ബേക്കർ സംവിധാനം ചെയ്ത ഒരു കെട്ടിടം, അദ്ദേഹം നിർദേശിച്ച ചെലവിൽ പണിതുതരാൻ ഒരു കൺട്രാക്ടറും അന്നു് മുന്നിട്ടുവരികയില്ലായിരുന്നു.

അക്കൗണ്ടൻറ് ജനറൽ ആയിരുന്ന ശ്രീ കുര്യാക്കോസ് ആണു് ഇതിനു പ്രായോഗികമായ പോംവഴി നിർദേശിച്ചതു്. കെട്ടിടം ഞാൻ സ്വന്തം ചുമതലയിൽ പണിയിക്കുക; അന്നന്നു വരുന്ന ചെലവു് ശ്രീ

ബേക്കർക്ക്, വൗച്ചർ വാങ്ങി, ഞാൻ കൊടുക്കുക എന്നതായിരുന്നു ഈ പരിഹാരമാർഗം. ഇതിനു പററിയ നിലയിൽ, ഇൻസ്റ്റിററ്യൂട്ടിന്റെ ഭരണസമിതിക്ക് ഞാൻ നൽകേണ്ട രേഖയും, ബേക്കറും ഞാനും തമ്മിൽ ഉണ്ടാക്കേണ്ട ധാരണയുടെ പകർപ്പും, ശ്രീ കര്യാക്കോസ് തയ്യാറാക്കി ത്തന്നു. രേഖ തയ്യാറാക്കിയതു് അക്കൗണ്ടന്റ് ജനറൽ ആകയാൽ, പിന്നീട് ഓഡിററുകാരുടെ എതിർപ്പ് ഈ ഇടപാടിൽ ഉണ്ടാവുകയി ല്ലെന്നതു് ഏതാണ്ട് ഉറപ്പായിരുന്നു.

ഇൻസ്റ്റിററ്യൂട്ടിന്റെ ഭരണസമിതിയുടെ അനുവാദം ഈ പദ്ധതിക്കു വാങ്ങുന്നതു് എളുപ്പമായിരുന്നില്ല. ഇത്ര ചുരുങ്ങിയ ചെലവിൽ ഒരു കെട്ടിടം നിർമിച്ചാൽ, എത്ര നാളത്തേക്ക് അതു് ഉപയോഗിക്കാൻ കഴിയും? ഒരു പരീക്ഷണത്തിനായി സർക്കാർ പണം ദുരുപയോഗപ്പെടു ത്തുകയാവില്ലേ അതു്? അന്നു മുഖ്യമന്ത്രിയായിരുന്ന ശ്രീ സി. അച്യുത മേനോൻ ആയിരുന്നു ഭരണസമിതിയുടെ അദ്ധ്യക്ഷൻ. ഭരണസമിതി യിൽ അംഗവും ശ്രീ ബേക്കറുടെ ഒരു സുഹൃത്തും ആയിരുന്ന അന്നത്തെ കേരള സർവകലാശാലാ വൈസ് ചാൻസലർ ഡോക്ടർ അയ്യപ്പൻ എന്റെ നിർദേശത്തെ മുക്തകണ്ഠം പിൻതാങ്ങി. ഒടുവിൽ ശ്രീ അച്യുത മേനോൻ എന്നോടു ചോദിച്ചു: 'കെട്ടിടം നിങ്ങളുടെ സ്വകാര്യ—ഉപ യോഗത്തിനാണെങ്കിൽ, അതു് ബേക്കറുടെ ഈ പ്ലാൻ അനുസരിച്ചു പണിയിക്കുവാൻ നിങ്ങൾ തയ്യാറാവുമോ?'

'തീർച്ചയായും.' ഞാൻ പറഞ്ഞു.

'എന്നാൽ, പണിയിച്ചോളൂ.' മുഖ്യമന്ത്രി സമ്മതിച്ചു.

'താത്കാലികം' ആയിരുന്നതിനാൽ, നാളന്ദ പുരയിടത്തിൽ ആ കെട്ടിടം പണിയാൻ ചീഫ് സെക്രട്ടറി അനുവദിച്ചു. ഉള്ള സ്ഥല സൗകര്യം ഉപയോഗപ്പെടുത്തി, ഏതാണ്ട് ചതുരാകൃതിയിൽ, നടുക്ക് അല്പം തുറന്ന സ്ഥലത്തോടെ, വിജ്ഞാനമുദ്രണം പ്രസ്സിന്റെ കെട്ടിടം നിർമിക്കപ്പെട്ടതു് അങ്ങനെയാണ്. മേല്പുരയ്ക്ക് ഉത്തരമോ മോന്തായമോ ഇല്ലായിരുന്നു. കഴക്കോലുകൾ മുകളിൽ ആണിവെച്ചു ചേർക്കുകയാണുണ്ടായതു്. അവ ചുവരിൽ നേരിട്ടുറപ്പിക്കുകയുംചെയ്തു. മരാശാരിയുടെ പണി പരമാവധി കുറയ്ക്കുകയായിരുന്നു ലക്ഷ്യം. ജന്നലു കൾക്കു പകരം, സാദ്ധ്യമായിടത്തെല്ലാം, ഇഷ്ടികച്ചുവരിൽ നിർമിച്ച ജാലികൾ ആയിരുന്നു. കുമ്മായം തേക്കാതെതന്നെ ഇഷ്ടികച്ചുവരുകൾ വൃത്തിയായും ഭംഗിയായും ഇരിക്കുമെന്നും ശ്രീ ബേക്കർ കാണിച്ചുതന്നു.

സ്വാഭാവികമായും, എൻജിനീയർമാർ ബേക്കറിന്റെ നിർമാണ രീതികളോടു കഠിനമായ എതിർപ്പുള്ളവരായിരുന്നു. ഞങ്ങളുടെ പ്രസ് കെട്ടിടം തയ്യാറായി ഏതാനും മാസങ്ങൾക്കകം, അതു തകർന്നു വീണി രിക്കുന്നതായി തനിക്ക് അറിവുകിട്ടിയിട്ടുണ്ടെന്നു് ചീഫ് എൻജിനി യർ ഗവണ്മെന്റിലേക്കു റിപ്പോർട്ട്ചെയ്തു. ഇതു സംബന്ധിച്ച് എന്റെ വിശദീകരണം ഗവണ്മെന്റ് ആവശ്യപ്പെട്ടു. സംശയമുള്ളവർക്ക് സ്ഥലത്തു വന്നു നോക്കാമെന്ന എന്റെ മറുപടികൊണ്ടു ഗവണ്മെന്റ് തൃപ്തിപ്പെട്ടു എന്നു തോന്നുന്നു. ഏതായാലും, പതിനാറോ പതിനേഴോ വർഷങ്ങൾക്കു ശേഷവും ഈ കെട്ടിടത്തിലാണ് 'വിജ്ഞാനമുദ്രണം' അച്ചുക്കൂടം ഇപ്പോഴും പ്രവർത്തിക്കുന്നതു്. ഇതിനെത്തുടർന്നു് ഇൻസ്റ്റിററ്യൂട്ടിനുവേണ്ടി, ചെല വുകുറഞ്ഞ മറെറാരു കെട്ടിടവും ശ്രീ ബേക്കർ പണിതുതരുകയുണ്ടായി.

പൊതുമേഖലയിലേതു് എന്നു പറയാവുന്ന ഒരു കെട്ടിടം നിർമി ക്കാൻ ശ്രീ ബേക്കർക്ക് ആദ്യമായി അവസരം ലഭിച്ചതു് കേരളഭാഷാ ഇൻസ്റ്റിററ്യൂട്ടിലായിരുന്നു. പിന്നീട് ഇതേ കരാർവ്യവസ്ഥകളിലാണ്, ഉള്ളൂരിലുള്ള വികസന പഠനകേന്ദ്രത്തിന്റെ മനോഹരങ്ങളായ, എങ്കിലും ചെലവു വളരെ കുറഞ്ഞ, കെട്ടിടങ്ങൾ ശ്രീ ബേക്കർ നിർമിച്ചതു്.

ബേക്കറുടെ ശില്പമാതൃകയ്ക്കു് ഏററവും നല്ല ഉദാഹരണങ്ങൾ വികസന പഠനകേന്ദ്രത്തിലെ പൊതുക്കെട്ടിടങ്ങളും പാർപ്പിടങ്ങളും ആകുന്നു.

ഭാഷാ ഇൻസ്റ്റിററ്യൂട്ടിൽ ശ്രീ ബേക്കർ പണിത കെട്ടിടങ്ങൾക്ക വളരെയധികം പ്രസിദ്ധി കിട്ടി. അന്നു പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ ശ്രദ്ധയിൽ ഈ കെട്ടിടങ്ങൾ പെട്ടു. താമിഴ്നാട്ടിൽനിന്നും മററു ചില സംസ്ഥാനങ്ങളിൽനിന്നും പല ഔദ്യോഗിക സന്ദർശകരും ഈ കെട്ടിടങ്ങൾ കാണാൻ വന്നുകൊണ്ടിരുന്നു. സന്ദർശകർക്ക കാണിച്ചുകൊടുക്കാൻ സ്വന്തം പ്രസിദ്ധീകരണങ്ങൾ കുറവായിരുന്ന അക്കാലത്തു് ഇൻസ്റ്റിററ്യൂട്ടിനെപ്പററി സന്ദർശകർക്കുള്ള മതിപ്പു വർധിപ്പിക്കാൻ ഞാൻ ചെയ്തിരുന്നതു് ശ്രീ ബേക്കർ നിർമ്മിച്ച രണ്ടു കെട്ടിടങ്ങളും തൊടിയിലുണ്ടായിരുന്ന ഏതാനും ചന്ദനവൃക്ഷങ്ങളും അവർക്ക കാണിച്ചുകൊടുക്കുകയായിരുന്നു.

സാധാരണ എൻജിനീയർമാർ കെട്ടിടങ്ങൾ നിർമിക്കുമ്പോൾ, കൂടുതൽ ഉറപ്പിനുവേണ്ടി, ആവശ്യമുള്ളതിൽ എത്രയോ അധികം സാമാനങ്ങൾ ഉപയോഗപ്പെടുത്താറുണ്ടു്. ആവശ്യത്തിനു വേണ്ടത്ര സാധനങ്ങൾ (ഇഷ്ടക, മരം, ഇരുമ്പു്, സിമൻറു്) മാത്രമേ ശ്രീ ബേക്കർ ചെലവഴിക്കുന്നുള്ളു. അതിനാൽ, നിർമാണത്തിൻെറ ഓരോ ഘട്ടത്തിലും നിർമാണ സാമഗ്രികളുടെ ഗുണമേന്മയിൽ പരമമായ ശ്രദ്ധ ആവശ്യമായി വരുന്നു. ഓരോ ഇഷ്ടകയും കൊട്ടി നോക്കി ഉറപ്പുണ്ടെന്നു കണ്ടതിനുശേഷമേ, പടുക്കാൻ ശ്രീ ബേക്കർ ഉപയോഗിക്കാറുള്ളു എന്നു ഞാൻ പലതവണ നോക്കി മനസ്സിലാക്കിയിട്ടുണ്ടു്.

കെട്ടിടം നിർമിക്കുമ്പോൾ കൂടുതൽ പണച്ചെലവു വരുന്നതു മരപ്പണിക്കാണു്. അതിനാൽ മരപ്പണി പരമാവധി കുറയ്ക്കാൻ ശ്രീ ബേക്കർ ശ്രദ്ധിക്കുന്നു. ഭിത്തിക്കു് ആവശ്യമുള്ള കനമേ അദ്ദേഹം നൽകുന്നുള്ളു. സിമൻറിനു പകരം കുമ്മായം, സുർക്കി മുതലായ വില കുറഞ്ഞ മററു പദാർത്ഥങ്ങൾ ഉപയോഗിക്കാവുന്നിടത്തു് ശ്രീ ബേക്കർ അങ്ങനെ ചെയ്യുന്നു. വിള്ളലോ വളവോ ഉള്ളതിനാൽ കമ്പനിക്കാർ വെറുതെ കളയുന്ന ഓടുകളും സിമൻറും ചേർത്തു വാർത്ത ചെരിഞ്ഞമേൽപ്പുരയാണു് 'ബേക്കർ' വീടുകളുടെ നിർമാണച്ചെലവു പരമാവധി കുറയ്ക്കുന്ന മറെറാരു ഘടകം. ചുവരിൽ കുമ്മായം തേക്കാത്തതുമൂലം വീടുകളുടെ നിർമാണച്ചെലവും സംരക്ഷണച്ചെലവും കുറയുന്നു; ഭംഗി ഏറുകയുംചെയ്യുന്നു.

ചെലവു കുറയ്ക്കുമ്പോൾത്തന്നെ വീട്ടിൽ പാർക്കുന്നവരുടെ സൗകര്യങ്ങൾക്ക പരമാവധി മുൻഗണനനൽകുന്നതിൽ ശ്രീ ബേക്കർ ശ്രദ്ധിക്കുന്നു. പരേതനായ ശ്രീ എം. എൻ. ഗോവിന്ദൻനായരുടെ നേതൃത്വത്തിൽ നടപ്പാക്കിയ ലക്ഷംവീടുപദ്ധതി ആസൂത്രണം ചെയ്യുന്ന ഘട്ടത്തിൽ, കേരളഗവണ്മെൻറു് ശ്രീ ബേക്കറുടെ അഭിപ്രായം ആരാഞ്ഞിരുന്നു. ഓരോ വീട്ടിനകത്തും പോഴസ്ലെയ്ൻ കമോഡു് ഉള്ള ഓരോ കക്കൂസ് വേണമെന്നു് ശ്രീ ബേക്കർ വാദിച്ചെങ്കിലും, ചെലവു് ഏറുമെന്നു പറഞ്ഞു് ആ വാദം തള്ളിക്കളയുകയാണുണ്ടായതു്. പല വീടുകൾക്ക ചേർന്നു പുറത്തു നിർമിക്കുന്ന പൊതു കക്കൂസ് ആരും വൃത്തിയാക്കുകയില്ലെന്നും, ഏതാനും ദിവസങ്ങൾക്കകം അതു് ഉപയോഗശൂന്യമാവുമെന്നും ഈ കക്കൂസ് പിന്നീടു കോളനിയിലാകെ ദുർഗന്ധം പരത്തുമെന്നുള്ള കാര്യത്തിൽ ശ്രീ ബേക്കർക്കു് ഒരു സംശയവും ഉണ്ടായിരുന്നില്ല. വീടു് എത്ര എളിയതായാലും, അടച്ചുറപ്പുള്ള ഒരു മുറി (മച്ച്) അതിലുണ്ടാവണമെന്നും ശ്രീ ബേക്കർ നിർബന്ധിച്ചു. ഏതു ദരിദ്രനുമുണ്ടാവുമല്ലോ ഭദ്രമായി സൂക്ഷിക്കേണ്ട ചില സാധനങ്ങൾ.

ഒരു വാസ്തുശില്പി എന്നപോലെതന്നെ, നല്ലൊരു ചിത്രകാരനും ശില്പിയുമാണു് ശ്രീ ബേക്കർ. അദ്ദേഹം മരത്തിൽ കൊത്തിയെടുത്ത

ചില ഉദ്ഭൂതചിത്രങ്ങളും വരച്ച ചില ചായച്ചിത്രങ്ങളും നാലാഞ്ചിറയിലെ അദ്ദേഹത്തിന്റെ വീട്ടിൽ ഞാൻ കണ്ടിട്ടുണ്ട്. ചുററും നടന്നു വീട്ടുജോലികൾ ചെയ്യത്തക്കവിധത്തിൽ ചുവരിനോടു ചേർത്തല്ലാതെ നടുവിൽ, അടുപ്പുതിണ്ണ പണിത അദ്ദേഹത്തിന്റെ അടുക്കള എന്നിൽ വളരെയധികം കൗതുകം ഉണർത്തിയിരുന്നു. ഈ അടുക്കളയിൽ നിർമിച്ച കുവരക് കഞ്ഞി, പുഴുങ്ങിയ കപ്പ മുതലായ, ചെലവുകുറഞ്ഞവയെങ്കിലും സ്വാദിഷ്ഠങ്ങളും പോഷകങ്ങളുമായ, പ്രാതൽ വിഭവങ്ങൾ ശ്രീ ബേക്കറോടൊപ്പം പങ്കിട്ടിട്ടുള്ളതു് എന്റെ അവിസ്മരണീയാനുഭവങ്ങളിൽപ്പെടുന്നു.

തുറന്ന നടുമുററമാണ പാർപ്പിടത്തിന്റെ ഹൃദയമെന്നു് ശ്രീ ബേക്കർ പറയാറുണ്ട്. നടുമുററവും നാലുകെട്ടുമാണ്, ചൈനമുതൽ സ്പെയിൻവരെ, മനുഷ്യർക്കു പാർക്കാനുള്ള ഗൃഹങ്ങളുടെ അടിസ്ഥാന സംരചനാരീതി. നടുമുററംകൊണ്ടു് എന്തൊക്കെ ഉപയോഗങ്ങളുണ്ടു്! അതിൽ സാധനങ്ങൾ ഉണക്കാം; വൈകുന്നേരവും രാത്രിയിലും ഇരുന്നു കാററുകൊള്ളാം; കുടുംബാംഗങ്ങൾക്കു് ഒത്തുചേർന്നു വിനോദിക്കാം; വേണമെങ്കിൽ ചെറിയ കലാപ്രകടനങ്ങളും ആവാം. വീട്ടിനകത്തെ ചൂടു നിയന്ത്രിക്കുന്നതിലും നടുമുററത്തിനു വലിയ പങ്കാണു് ഉള്ളതു്. കേരളീയ വാസ്തുശില്പത്തിലെ കേന്ദ്രസങ്കല്പം നടുമുററമായിരുന്നു, എന്നിട്ടെന്തു്! നമ്മുടെ കെട്ടിടങ്ങളിൽനിന്നു നടുമുററം എന്നെന്നേക്കുമായി നിഷ്കാസനം ചെയ്യപ്പെട്ടുകൊണ്ടിരിക്കയാണ്. കഷ്ടം എന്നല്ലാതെ എന്തു പറയാൻ!

ബേക്കർമാതൃകയിൽ പണിത എത്രയോ കെട്ടിടങ്ങൾ ഇപ്പോൾ കേരളത്തിൽ എവിടെയും കാണാം. ശ്രീ ബേക്കറുടെ ആശയങ്ങൾ പലരും മററു വാസ്തുശില്പികളും സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. കേരളത്തിലെ യാഥാസ്ഥിതികരായ ഇടത്തരക്കാരുടെ കെട്ടിടനിർമാണം സംബന്ധിച്ച ധാരണകളിൽ കുറെയെങ്കിലും മാററം വരുത്താൻ ശ്രീ ബേക്കർക്കു കഴിഞ്ഞിരിക്കുന്നു.

(23 ഒക്ടോബർ, 1986)

## 62. കേശവമേനോൻ ശതാബ്ദി

എട്ടുവർഷംമുമ്പ്, 1978 നവംബർ 9–ാം തീയതി, അന്തരിക്കുമ്പോൾ കെ. പി. കേശവമേനോനു് തൊണ്ണൂററിരണ്ടു വയസ്സ് തികഞ്ഞിരുന്നു. അദ്ദേഹം സ്ഥാപിക്കുകയും, ദീർഘകാലം പരിചരിച്ചു വളർത്തുകയും ചെയ്ത മാതൃഭൂമി പത്രസ്ഥാപനത്തിന്റെ ഉത്സാഹത്തിൽ, അദ്ദേഹത്തിന്റെ നൂറാം ജന്മദിനം ആഗസ്റ്റ് 30, 31, സെപ്തംബർ 1 എന്നീ തീയതികളിൽ കോഴിക്കോട്ടുവച്ച് ആഘോഷിക്കുകയുണ്ടായി. രാഷ്ട്രപതി ഗ്യാനി സെയിൽസിങ്ങിന്റെ സാന്നിദ്ധ്യം ഈ ആഘോഷത്തിനു് അഖിലഭാരത വാർത്താപ്രാധാന്യം നൽകുകയുംചെയ്തു.

ദീർഘകാലം ജീവിക്കുകയും, ജീവിച്ചിരുന്ന കാലമത്രയും സ്വന്തം ജനതയുടെ ജീവിതത്തിന്റെ വിപുലങ്ങളായ മേഖലകൾക്കു് അമൂല്യമായ സംഭാവന നൽകുകയും, അതുല്യമായ വ്യക്തിവൈഭവം നിമിത്തം തന്റെ ജീവിതകാലത്തുതന്നെ ഐതിഹ്യമായിത്തീരുകയുംചെയ്ത ഒരു അസാധാരണ വ്യക്തിയായിരുന്നു കേശവമേനോൻ. 1915 മുതൽ 1918 വരെയും 1921 മുതൽ 1925 വരെയും, വിദൂരത്തിൽനിന്നുള്ള ഒരു ഭേരീരവം പോലെ അസ്പഷ്ടമായി മാത്രം മുഴങ്ങിയിരുന്ന ഇന്ത്യൻ നാഷണൽ